**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 82** **11-02-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന തുറമുഖങ്ങളുടെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യബന്ധന തുറമുഖങ്ങളുടെ ആധുനികവൽക്കരണത്തിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | വ്യക്തമാക്കാം<br><br>മത്സ്യബന്ധന തുറമുഖങ്ങളുടെ ആധുനികവൽക്കരണത്തിനായി പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പദ്ധതിയിലുൾപ്പെടുത്തി 5 പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>മലപ്പുറം ജില്ലയിലെ പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ ആധുനിക വൽക്കരണത്തിനായി 18.73 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതു പ്രകാരം പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.<br><br>കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ ആധുനിക വൽക്കരണത്തിനായി 16.06 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതു പ്രകാരം ടി പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.<br><br>കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ ആധുനിക വൽക്കരണത്തിനായി 20.9 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതു പ്രകാരം ടി പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.<br><br>കാസർഗോഡ് ഫിഷിംഗ് ഹാർബറിലെ വിപുലീകരണത്തിനും ആധുനികവൽക്കരണത്തിനുമായി 70.53 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതു പ്രകാരം ടി പ്രവൃത്തിയുടെ ഘടകങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണത്തിനും ആധുനിക വൽക്കരണത്തിനുമായി 177.00 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതു പ്രകാരം ടി പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>ഇതിന് പുറമേ കൊല്ലം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിലെ 6 ഹാർബർ കളിൽ ഡ്രെഡ്ജിംഗ് മെയിന്റനൻസ് നടത്തുന്നതിന് 3489 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഡ്രെഡ്ജിംഗ് പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br><br>വിഴിഞ്ഞം ഫിഷിങ് ഹാർബർ വിപുലീകരണത്തിന് 48 കോടി രൂപയുടെയും, വിഴിഞ്ഞം സൗത്ത് ഫിഷ് ലാൻഡിങ് സെന്റർ നിർമാണത്തിന് 25 കോടി രൂപയുടെയും, കാസർകോട് ജില്ലയിലെ അജാനൂർ ഫിഷിങ് ഹാർബർ നിർമ്മാണത്തിന് 200 കോടി രൂപയുടെയും പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.<br><br>**മേൽപ്പറഞ്ഞ കൂടാതെ മറ്റ് ഹാർബറുകളുടെ ആധുനിക വൽക്കരണത്തിനായി പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.** |
| (ബി) | മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രവർത്തനം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | നിലവിലെ ഹാർബറുകളും ഇനി നിർമ്മിക്കാനുദ്ദേശിക്കുന്ന ഹാർബറുകളും സ്മാർട്ട് & ഗ്രീൻ എന്ന രീതിയിൽ ആധുനിക സൗകര്യങ്ങളോടെ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് |
| (സി) | ബേപ്പൂർ, ശക്തികുളങ്ങര, പൊന്നാനി എന്നീ പ്രധാനപ്പെട്ട ഫിഷിംഗ് ഹാർബറുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ ? | (സി) | വ്യക്തമാക്കാം<br><br>ബേപ്പൂർ ഫിഷിംഗ് ഹാർബറിന്റെ വികസനത്തിനായി 85 കോടി രൂപയുടെ പദ്ധതി രൂപരേഖ PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുവാനായി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി ബേപ്പൂർ ഫിഷിംഗ് ഹാർബറിലെ ഡ്രഡ്ജിംഗ് പ്രവൃത്തിക്കായി 5.94 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതു പ്രകാരം സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.<br><br>കൊല്ലം ജില്ലയിലെ ശക്തികുളങ്ങര ഫിഷിംഗ് ഹാർബറിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡ് XXVI യിൽ ഉൾപ്പെടുത്തി 34.5 കോടി രൂപ ഭരണാനുമതി നൽകിയതു പ്രകാരം പ്രവൃത്തി വ്യക്തമാക്കാംപുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | | | മലപ്പുറം ജില്ലയിലെ പൊന്നാനി മത്സ്യബന്ധ തുറമുഖത്തെ റിപ്ലെനിഷേമെന്റ് പ്രവൃത്തിക്കായി നബാർഡ് RIDF XXIX ൽ ഉൾപ്പെടുത്തി 16.94 കോടി രൂപയുടെ ഭരണാനുമതി നൽകിയതു പ്രകാരം പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ